compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 12
Tuesday, 12th May 2026

1201 മേടം 29
29th Medam 1201

1948 വൈശാഖം 22
22nd Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **19**
No.

Part III

Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടെണ്ടർ പരസ്യം

ഫയൽ നം. ADFW/DAF/MVKA/(ALP)/30/2026-DAF-2 (1) **തീയതി: 08/05/2026.**

2026-27 സാമ്പത്തിക വർഷത്തിൽ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ കടത്ത് (Transportation)ആവശ്യങ്ങൾക്കായി ചരക്ക് വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക – 3,00,000/- രൂപ

നിബന്ധനകൾ

1. 2027 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിലേക്ക് സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനാവശ്യമായ 8 ടൺ, 3 ടൺ കപ്പാസിറ്റിയുള്ള വാഹനങ്ങൾ (ലോറി) വാടക നിരക്കിൽ ആണ് ആവശ്യം ഉള്ളത്.

2. GST ഉൾപ്പെടെ വാഹനം ഉപയോഗിക്കുന്നതിനുള്ള ഒരു കിലോ മീറ്ററിന്റെ നിരക്കായിരിക്കണം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

3. ഡ്രൈവർ ഉൾപ്പെടെയാണ് വാഹനം ആവശ്യമുള്ളത് എന്നാൽ ഡ്രൈവർക്കുള്ള ബാറ്റയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതല്ല.

4. ഓരോ കപ്പാസിറ്റി ഉള്ള വാഹനത്തിനും പ്രത്യേകം പ്രത്യേകം നിരക്കായിരിക്കണം രേഖപ്പെടുത്തേണ്ടത്.

5. ദർഘാസുകൾ സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ **മേയ് 20 ബുധൻ രാവിലെ 11** മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതും അന്നേ ദിവസം **രാവിലെ 11.30** ന് അപ്പോൾ ഹാജരായ ടെണ്ടർ ദായകരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും, കുറഞ്ഞ നിരക്കിലുള്ള ദർഘാസ് യുക്തമെന്ന് കണ്ടാൽ അംഗീകരിക്കുന്നതുമാണ്.

6. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകളിലായി '**ലോറി വാടകയ്ക്ക് എടുക്കുന്നതിനായുള്ള ടെൻഡർ**' എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതും, ടെണ്ടർകാരന്റെ പേരും, മേൽവിലാസവും രേഖപ്പെടുത്തേണ്ടതുമാണ്.

7. **2026 മേയ് 11 തിങ്കൾ** രാവിലെ **10 മണി** മുതൽ ടെണ്ടർഫോറത്തിന്റെ വിതരണം ആരംഭിക്കുകയും **2026 മേയ് 20 ബുധൻ രാവിലെ 10.30** മണിയോടുകൂടി അവസാനിക്കുന്നതുമായിരിക്കും. യാതൊരു കാരണവശാലും ടെണ്ടർ ഫോറത്തിന്റെ വില തിരിച്ചുനൽകുന്നതല്ല. ടെണ്ടർ ഫോറത്തിന്റെ വില പണമായോ മണിയോഡറായോ മാത്രമേ സ്വീകരിക്കുകയുള്ളു. ടെണ്ടർ ഫോറം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ടെണ്ടർഫോറത്തിന്റെ വിലയോടൊപ്പം ആയതിന്റെ ജി.എസ്.റ്റി കൂടി ഈടാക്കുന്നതാണ്.

8. ടെണ്ടറിനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്.

9. ടെണ്ടറിനോടൊപ്പം 200/- രൂപ വിലയുള്ള കേരളസർക്കാർ മുദ്രപ്പത്രത്തിൽ പ്രവൃത്തി സംബന്ധമായ സമ്മതപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

10. വാഹന ഉപയോഗം സംബന്ധിച്ച കിലോമീറ്റർ റീഡിങ് സ്റ്റാർട്ടിങ് പോയിന്റിലും, ഡെസ്റ്റിനേഷൻ പോയിന്റിലും ബോധ്യപ്പെടുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

11. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതാണ്

12. ടെണ്ടർ അംഗീകരിച്ച ശേഷം ഈ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർദ്ദേശിക്കുന്ന സമയയത്ത് വാഹനവുമായി എത്തിച്ചേരേണ്ടതാണ്.

13. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുന്ന പക്ഷം ടെണ്ടർ നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല, ആയത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്ത്വം കരാറുകാരന് മാത്രമായിരിക്കും. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

14. ടെണ്ടർ അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് അനുസൃതമായിരിക്കും.

15. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. (ഫോൺ. 0479-2357690,9383470691, E-mail:noorekkar@gmail.com)

(ഒപ്പ്)

ഫാം സൂപ്രണ്ട്,ജില്ലാ കൃഷിത്തോട്ടം, മാവേലിക്കര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടെണ്ടർ പരസ്യം

ഫയൽ നം ADFW/DAF/MVKA/(ALP)30/2026-DAF-2(2) **തീയതി: 08/05/2026**

മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ എ ബി, സി ബ്ലോക്കുകളിൽ പടർന്ന് പന്തലിച്ചുനിൽക്കുന്ന പാഴ്ച്ചെടികൾ , കുറ്റിക്കാടുകൾ, കാട്ടുവള്ളികൾ എന്നിവ ജെ.സി.ബി ഉപയോഗിച്ച് പിഴുത് മാറ്റി, സ്ഥലം നിരപ്പാക്കി കൃഷിയോഗ്യമാക്കുന്നതിന് വേണ്ട പ്രവൃത്തികൾ ചെയ്യുന്നതിന് തയ്യാറുള്ള ജെ.സി.ബി ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള, മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക – 4,90,000/- രൂപ

നിബന്ധനകൾ

1. ജെ.സി.ബി ഉപയോഗിക്കുന്നതിനുള്ള നിരക്ക് മണിക്കൂറിലായിരിക്കണം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. മണിക്കൂർ കണക്കാക്കുന്നതിന് ജെ.സി.ബി യിൽ നിർബന്ധമായും മീറ്റർ ഘടിപ്പിച്ചിരിക്കണം.

2. ജെ.സി.ബി പ്രവർത്തിപ്പിക്കുന്ന ജോലിക്കാർക്ക് ബാറ്റയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതല്ല.

3. ദർഘാസുകൾ സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ **മേയ് 20 ബുധൻ രാവിലെ 11** മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതും അന്നേ ദിവസം **ഉച്ചക്ക് 12 മണിക്ക്** അപ്പോൾ ഹാജരായ ടെണ്ടർ ദായകരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും, കുറഞ്ഞ നിരക്കിലുള്ള ദർഘാസ് യുക്തമെന്ന് കണ്ടാൽ അംഗീകരിക്കുന്നതുമാണ്.

4. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് ജെ.സി.ബി ഉപയോഗിച്ച് സ്ഥലം നിരപ്പാക്കി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള ടെണ്ടർ എന്ന് എഴുതിയിരിക്കേണ്ടതും ടെണ്ടർകാരന്റെ പേരും മേൽവിലാസവും രേഖപ്പെടുത്തേണ്ടതുമാണ്

5. 2026 മേയ് 11 തിങ്കൾ മുതൽ ടെണ്ടർഫോറത്തിന്റെ വിതരണം ആരംഭിക്കുകയും 2026 മേയ് 20 ബുധൻ രാവിലെ 11 മണിയോടുകൂടി അവസാനിക്കുന്നതുമായിരിക്കും. യാതൊരുകാരണവശാലും ടെണ്ടർഫോറത്തിന്റെ വില തിരിച്ചുനൽകുന്നതല്ല. ടെണ്ടർ ഫോറത്തിന്റെ വില പണമായോ മണിയോഡറായോ മാത്രമേ സ്വീകരിക്കുകയുള്ളു. ടെണ്ടർ ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ടെണ്ടർഫോറത്തിന്റെ വിലയോടൊപ്പം ആയതിന്റെ ജി.എസ്.റ്റി കൂടി ഈടാക്കുന്നതാണ്.

6. ടെണ്ടറിനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ടെണ്ടറിനോടൊപ്പം 200/- രൂപ വിലയുള്ള കേരളസർക്കാർ മുദ്രപ്പത്രത്തിൽ പ്രവൃത്തി സംബന്ധമായ സമ്മതപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

8. ടെണ്ടർ അംഗീകരിച്ചുവെന്ന അറിയിപ്പ് ലഭിച്ചാൽ 24 മണിക്കൂറിനകം പ്രവൃത്തികൾ ആരംഭിക്കേണ്ടതും തുടർച്ചയായി പ്രവർത്തിച്ച് കഴിവതും പരമാവധി വേഗത്തിൽ ഏൽപ്പിച്ച പ്രവൃത്തി ചെയ്ത് തീർക്കേണ്ടതാണ്.

9. ജെ.സി.ബി ഉപയോഗിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പും അന്നത്തെ പ്രവൃത്തി അവസാനിക്കുമ്പോഴും മീറ്റർ റീഡിംഗ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

10.ടെണ്ടറുകൾ സ്വീകരിക്കുന്നതിനും കാരണമൊന്നുംകൂടാതെ നിരാകരിക്കുന്നതിനും, നിബന്ധനകളിൽ യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സ്വാതന്ത്ര്യം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

11. ടെണ്ടർ അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് അനുസൃതമായിരിക്കും.

12. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതാണ്

13. കരാറുകാരിൽ നിന്നും അതാത് കാലങ്ങളിൽ നിലവിലുള്ള നിരക്ക് ആദായനികുതിയായി ഈടാക്കുന്നതാണ്.

14. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുകയോ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം ടെണ്ടർ നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല, ആയത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്ത്വം കരാറുകാരന് മാത്രമായിരിക്കും. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

15. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. (ഫോൺ. 0479-2357690, E-mail:noorekkar@gmail.com)

(ഒപ്പ്)

ഫാം സൂപ്രണ്ട്
ജില്ലാ കൃഷിത്തോട്ടം
മാവേലിക്കര

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടെണ്ടർ പരസ്യം

ഫയൽ നം ADFW/DAF/MVKA/(ALP)30/2026-DAF-2(3) **തീയതി: 8/05/2026**

2026--27 സാമ്പത്തിക വർഷത്തിൽ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലേക്കായി **ചാണകം** വിതരണം ചെയ്യുന്നതിന് തയ്യാറുള്ള വിതരണക്കാരിൽ നിന്നും മത്സരസ്വഭാവമുള്ള, മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക –4,99990/- രൂപ

നിബന്ധനകൾ

1. **9000 ക്യൂബിക്കടി പച്ച ചാണകം, 40 ടൺ ഉണക്ക ചാണകം എന്നിവ ആണ്** വിതരണം ചെയ്യേണ്ടത്.

2. പച്ച ചാണകം ഒരു ക്യൂബിക്കടിക്കും, ഉണക്ക ചാണകം ഒരു കിലോയ്ക്കും, ഉള്ള നിരക്കായിരിക്കണം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

3. വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉള്ളതും കലർപ്പ് ഇല്ലാത്തതും ആയിരിക്കണം

4. ദർഘാസുകൾ സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ **മേയ് 20 ബുധൻ രാവിലെ 11** മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതും അന്നേ ദിവസം **രാവിലെ 12.30 PM** ന് അപ്പോൾ ഹാജരായ ടെണ്ടർ ദായകരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും, കുറഞ്ഞ നിരക്കിലുള്ള ദർഘാസ് യുക്തമെന്ന് കണ്ടാൽ അംഗീകരിക്കുന്നതുമാണ്.

5. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകളിലായി '**ചാണകം വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ**' എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതും, ടെണ്ടർകാരന്റെ പേരും, മേൽവിലാസവും രേഖപ്പെടുത്തേണ്ടതുമാണ്.

6. **2026 മേയ് 11 തിങ്കൾ** രാവിലെ **10 മണി** മുതൽ ടെണ്ടർഫോറത്തിന്റെ വിതരണം ആരംഭിക്കുകയും **2026 മേയ് 20 ബുധൻ രാവിലെ 10.30** മണിയോടുകൂടി അവസാനിക്കുന്നതുമായിരിക്കും. യാതൊരു കാരണവശാലും ടെണ്ടർ ഫോറത്തിന്റെ വില തിരിച്ചുനൽകുന്നതല്ല. ടെണ്ടർ ഫോറത്തിന്റെ വില പണമായോ മണിയോഡറായോ മാത്രമേ സ്വീകരിക്കുകയുള്ളു. ടെണ്ടർ ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ടെണ്ടർഫോറത്തിന്റെ വിലയോടൊപ്പം ആയതിന്റെ ജി.എസ്.റ്റി കൂടി ഈടാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ടെണ്ടറിനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്.

8. ടെണ്ടറിനോടൊപ്പം 200/- രൂപ വിലയുള്ള കേരളസർക്കാർ മുദ്രപ്പത്രത്തിൽ പ്രവൃത്തി സംബന്ധമായ സമ്മതപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

9. വിതരണം ചെയ്യുന്ന ഉല്പന്നത്തിന്റെ അളവ് ബോധ്യപ്പെടുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

10. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതാണ്

11. ടെണ്ടർ അംഗീകരിച്ച ശേഷം ഈ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ മുഴുവൻ സാധനങ്ങളും വിതരണം ചെയ്യേണ്ടതാണ്.

12. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുകയോ നിശ്ചിത സമയ പരിധിക്കുള്ളിൽ ടെണ്ടറിൽ പ്രതിപാദിച്ച ഉൽപന്നങ്ങൾ വിതരണം ചെയ്യാതിരിക്കുകയോ ചെയ്യുന്ന പക്ഷം ടെണ്ടർ നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല, ആയത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്ത്വം കരാറുകാരന് മാത്രമായിരിക്കും. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

13. ടെണ്ടർ അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് അനുസൃതമായിരിക്കും.

14. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. (ഫോൺ. 0479-2357690,9383470691, E-mail:noorekkar@gmail.com)

(ഒപ്പ്)

ഫാം സൂപ്രണ്ട്
ജില്ലാ കൃഷിത്തോട്ടം
മാവേലിക്കര

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.12 04:26:54 +05:30